# കേന്ദ്ര ഗവൺമെന്റിന്റെ സൂക്ഷ്മ,ചെറുകിട, ഇടത്തരം സംരംഭ മന്ത്രാലയം(Micro, Small, Medium Enterprises- MSME) മുഖേന നടപ്പാക്കുന്ന പദ്ധതിക ൾ

## I. MSME സംബന്ധമായ നയങ്ങൾ (MSME Policy)

### a. MSME-Development Act: 2006

2006 ൽ പാർലമെന്റ് പാസ്സാക്കിയ MSMED Act 2006 പ്രകാരമാണ് രാജ്യത്തെ MSME കളെ സംബന്ധിച്ച് പൊതുവായ നയങ്ങൾ നടപ്പിലാക്കുന്നത്

### b. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള പുതിയ നിർവചനം (New Definition of MSMEs)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചക്കു അനുകൂലമാകും വിധം കേന്ദ്രസർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനം MSMED Act അനുസരിച് പുതുക്കിയിരിക്കുന്നു. പുതുക്കിയ നിർവചനം താഴെ പറയുന്ന രീതിയിലാണ്:

- **സൂക്ഷ്മ സംരംഭങ്ങൾ** : പ്ലാന്റിലും മെഷീനറിയിലും ഉപകരണങ്ങളിലും ഉള്ള നിക്ഷേപം ഒരു കോടി രൂപ അധികരിക്കാതെയും വാർഷിക വിറ്റുവരവ് അഞ്ചുകോടി രൂപ അധികരിക്കാതെയും ഉള്ളവയാണ് സൂക്ഷ്മ സംരംഭങ്ങൾ
- **ചെറുകിട സംരംഭങ്ങൾ** : പ്ലാന്റിലും മെഷീനറിയിലും ഉപകരണങ്ങളിലും ഉള്ള നിക്ഷേപം പത്തു കോടി രൂപ അധികരിക്കാതെയും വാർഷിക വിറ്റുവരവ് അമ്പതുകോടി രൂപ അധികരിക്കാതെയും ഉള്ളവയാണ് ചെറുകിട സംരംഭങ്ങൾ
- **ഇടത്തരം സംരംഭങ്ങൾ** : പ്ലാന്റിലും മെഷീനറിയിലും ഉപകരണങ്ങളിലും ഉള്ള നിക്ഷേപം അമ്പതുകോടി രൂപ അധികരിക്കാതെയും വാർഷിക വിറ്റുവരവ് ഇരുന്നൂറ്റിയമ്പതു രൂപ അധികരിക്കാതെയും ഉള്ളവയാണ് ഇടത്തരം സംരംഭങ്ങൾ

വിശദമായ ഗസറ്റിനു http://www.dcmsme.gov.in/IndianGazzate_0.pdf സന്ദർശിക്കുക

### c. ഉദ്യം രജിസ്ട്രേഷൻ (Udyam Registration)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ രെജിസ്ട്രേഷൻ 2020 ജൂലൈ ഒന്ന് മുതൽ പുതിയ രജിസ്ട്രേഷൻ ആയ 'ഉദ്യം രജിസ്ട്രേഷനി'ലേക്ക് മാറിയിരിക്കുകയാണ്.ഒരു സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ (MSME) രെജിസ്ട്രേഷൻ താഴെ പറയും വിധം നടത്താം:

- സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തിക്കു ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ (www.udyamregistration.gov.in) സ്വയംസാക്ഷ്യപ്പെടുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാം.

- പോർട്ടലിൽ കാണുന്ന രജിസ്ട്രേഷൻ ഫോമിൽ സൗജന്യമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- പ്രസ്തുത രജിസ്ട്രേഷൻ എടുക്കുവാൻ തെളിവായി യാതൊരു പ്രമാണപത്രമോ ഡോക്യുമെന്റോ അപ്ലോഡ് ചെയ്തു സമർപ്പിക്കേണ്ടതില്ല.

- ആധാർ നമ്പർ നിർബന്ധമാണ്. മാത്രമല്ല, 31.03.2021 നു ശേഷം പാൻ നമ്പറും ജി എസ് ടി നമ്പറും നിർബന്ധമാണ്.

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാൽ ഉദ്യംരജിസ്ട്രേഷൻ നമ്പരും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭിക്കും.

- നിലവിൽ EM പാർട്ട് II., ഉദ്യോഗ് ആധാർ എന്നിവ ഉള്ള എല്ലാ സംരംഭങ്ങളും പുതിയ രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ്. എന്നാൽ അവരുടെ നിലവിലുള്ള രജിസ്ട്രേഷന്റെ കാലാവധി 2021 മാർച്ച് 31 വരെ ഉണ്ടായിരിക്കും.

- കൂടാതെ, സംരംഭങ്ങൾ മുൻ സാമ്പത്തിക വർഷത്തെ ഇൻകം ടാക്സ് റിട്ടേണും ജി.എസ്.ടി. റിട്ടേണും സ്വയം സാക്ഷ്യപ്പെടുത്തി ഓൺലൈനായി എല്ലാ സാമ്പത്തിക വർഷത്തിലും പുതുക്കിയെങ്കിൽ മാത്രമേ ഉദ്യംരജിസ്ട്രേഷൻ സാധുത നിലനിർത്താൻ സാധിക്കുകയുള്ളു

- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എം.എസ്.എം.ഇ. മേഖലക്കു വേണ്ടി പ്രഖ്യാപിക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം ലഭിക്കുന്നതിനു ഉദ്യം രജിസ്ട്രേഷൻ ആവശ്യമാണ്.

## II. വിവിധ വായ്പാ പദ്ധതികൾ (Credit Related Schemes)

### a) പ്രധാൻമന്ത്രിയുടെ തൊഴിൽദാന പദ്ധതി (PMEGP)

അഭ്യസ്തവിദ്യരെ സ്വയം സംരംഭകരാകാൻ സഹായിക്കുന്ന ഈ പദ്ധതി പ്രകാരം ഉത്പാദന മേഖലയിലുള്ള സംരംഭകന് 25 ലക്ഷം രൂപയും സേവന മേഖലയിലുള്ള സംരംഭകന് 10 ലക്ഷം രൂപയും വരെ ബാങ്കുകൾ മുഖേന വായ്പയായി ലഭ്യമാകുന്നു. വിവിധ വിഭാഗങ്ങളിലും പ്രദേശങ്ങളിലും തുടങ്ങുന്ന സംരംഭങ്ങൾക്കു 15%/25%/35% എന്നിങ്ങനെ സബ്സിഡി ലഭ്യമാണ്. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (KVIC) ആണ് പദ്ധതിയുടെ നോഡൽ ഏജൻസി.ജില്ലാ വ്യവസായ കേന്ദ്രങ്ങളും KVIC, KVIB ഓഫീസുകളും മുഖേന ആണ് പദ്ധതി നടപ്പാക്കുന്നത്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.കൂടാതെ KVIC, KVIB, DIC ഓഫീസുകളുമായി ബന്ധപ്പെട്ടു കൂടുതൽ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷക്കായി :
https://www.kviconline.gov.in/pmegpeportal/jsp/pmegponline.jsp

**b) ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം – (Credit Guarantee Fund Trust for MSEs (CGTMSE))**

- ✓ സെക്യൂരിറ്റിയോ ആൾജാമ്യമോ ഇല്ലാതെ വായ്പകൾ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം
- ✓ കേന്ദ്രസൂക്ഷ്മ ചെറുകിട ഇടത്തര സംരംഭക മന്ത്രാലയവും ചെറുകിട വ്യവസായ വികസന ബാങ്കും (SIDBI) ചേർന്നു രൂപവത്കരിച്ചിട്ടുള്ള ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റ് ഫോർ മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസസ് (CGTMSE) ആണ് ഈപദ്ധതി നടപ്പിലാക്കുന്നത്.
- ✓ വായ്പാത്തുകയാൽ സൃഷ്ടിക്കപ്പെടുന്ന വസ്തുക്കൾ മാത്രം ഈടായി സ്വീകരിച്ചുകൊണ്ട് ധനകാര്യ സ്ഥാപനങ്ങൾക്ക് വായ്പ നൽകുവാൻ CGTMSE സഹായിക്കുന്നു.
- ✓ ധനകാര്യസ്ഥാപനങ്ങളുടെ അനുമതിയോടു കൂടി നിലവിലുള്ളതോ അല്ലെങ്കിൽ പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നതോ ആയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഈ പദ്ധതിക്കു അർഹരാണ്.
- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ബാങ്കുകളും തിരഞ്ഞെടുക്കപ്പെട്ട ബാങ്കിതര സ്ഥപനങ്ങളും നൽകുന്ന് രണ്ടു കോടി രൂപയിൽ കവിയാത്ത വായ്പകളുടെ നിശ്ചിത പരിധിക്കാണ് പ്രസ്തുത ഗ്യാരണ്ടി ലഭ്യമാക്കുന്നത്.
- ✓ വ്യാപാരം, വിദ്യാഭാസം, കൃഷി, സ്വയം സഹായ സംഘങ്ങൾ, ട്രെയിനിങ് എന്നിവയ്ക്കു നൽകുന്ന് വായ്പകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.
- ✓ കൂടുതൽ വിവരങ്ങൾക്ക് : https://www.cgtmse.in/

**c) സബോർഡിനേറ്റുഡെബ്റ്റ്സ്കീം- *(*Credit Guarantee Scheme for Subordinate Debt for MSMEs (CGSSD)*)***

- ✓ തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പ്രത്യേക സഹായം നൽകാനാണ് ഈ പദ്ധതി.
- ✓ ഈ പദ്ധതിപ്രകാരം നിഷ്ക്രിയ അസറ്റോ (NPA) അല്ലെങ്കിൽ പീഡിത സംരംഭങ്ങളോ ആയ സംരംഭകർക്ക്വ്യക്തിഗത വായ്പ നൽകി വരുന്നു.
- ✓ 31-03-2018ൽ സ്റ്റാഡേർഡ് അക്കൌണ്ടുകൾ ആയതും സാധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ സംരംഭങ്ങളും 2018-2019; 2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ NPA ആയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഈ സ്കീമിന് അർഹരാണ്.
- ✓ വായ്പപുനക്രമീകരണത്തിൽ സംരംഭകന്റെ വിഹിതം പുതിയ വായ്പയായി എടുക്കുന്നു (സബോർഡിനേറ്റ്ഡെബ്റ്റ്- രണ്ടാംകിടവായ്പ)
- ✓ സംരംഭകന്റെ ഓഹരിയുടെ 15% അല്ലെങ്കിൽ 75 ലക്ഷം രൂപയോ ഏതാണ്കുറവ് അത്രയുമാണ് വാണിജ്യ ബാങ്കുകൾ വായ്പയായി നൽകുക.
- ✓ സംരംഭങ്ങളെ RBI യുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചു പുനരുദ്ധരിക്കാനുള്ള പദ്ധതി സമർപ്പിക്കേണ്ടതുണ്ട്.
- ✓ കൂടുതൽവിവരങ്ങൾക്ക് : http://dcmsme.gov.in/Subdebt-FINAL-Guidilines-24.06.2020.pdf; www.champions.gov.in

**d) എം.എസ്.എം.ഇ കൾക്കായുള്ള പലിശയിളവ് പദ്ധതി (Interest Subvention Scheme for MSMEs)**

ഉദ്യം രെജിസ്ട്രേഷനും ജി.എസ്.ടി.എൻ നമ്പറുമുള്ള എം എസ് എം ഇ കളുടെ 100 ലക്ഷം വരെയുള്ള ലോണുകൾക്ക് 2 % പലിശ സബ്സിഡി SIDBI മുഖേനെ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് www.champions.gov.in, www.dcmsme.gov.in ; http://dcmsme.gov.in/Notification_of_Interest_subvention_Scheme_2018.pdf). പുതിയ RBI നോട്ടിഫിക്കേഷൻ പ്രകാരം ഉദ്യോഗ് ആധാർ എടുത്തിട്ടില്ലാത്ത ട്രേഡിങ്ങ് ആക്ടിവിറ്റീസിനും (trading activities) ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. (https://rbidocs.rbi.org.in/rdocs/notification/PDFs/NT155E4A0F309981441CCAABE0D629DF1A540.PDF)

**e) ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി സ്കീം -Credit Linked Capital Subsidy Scheme**

- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിൽ മികച്ച സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിലൂടെ നൽകി വരുന്ന വായ്പ സബ്സിഡി.
- ✓ ഒരു കോടി വരെയുള്ള വായ്പക്ക് 15% മുൻകൂർ സബ്സിഡി നൽകി വരുന്നു.
- ✓ നിലവിലുള്ളതും, പുതിയതുമായസംരംഭങ്ങൾക്ക് സബ്സിഡി ലഭ്യമാണ്
- ✓ കൂടുതൽവിവരങ്ങൾക്ക്: http://www.dcmsme.gov.in/schemes/Credit_link_Scheme.htm

**III. സംരംഭങ്ങളുടെ കാര്യക്ഷമതയും മത്സരശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ (Schemes for Improving the Efficiency and Competitiveness of MSMEs)**

**a) ബൗദ്ധികസ്വത്തവകാശം സംരക്ഷികുന്നതിനുള്ള പദ്ധതികൾ (Scheme for Protecting Intellectual Property Rights of MSMEs)**

- ✓ സൂക്ഷ്മ, ചെറുകിട, ഇടത്തര, സംരംഭകരുടെ ബൗദ്ധികസ്വത്തുക്കൾ സംരക്ഷിക്കാനും പ്രയോജനപ്പെടുത്താനും സഹായിക്കുന്ന പദ്ധതി
- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ബൗദ്ധികസ്വത്തവകാശം (പേറ്റന്റ്, GI രെജിസ്ട്രേഷൻ, ട്രേഡ്മാർക്, ഇൻഡസ്ട്രിയൽ ഡിസൈൻ, കോപ്പിറൈറ്റ്) നേടുവാനായി മുടക്കുന്ന തുകയുടെ ഒരു ഭാഗം കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയം തിരികെ നല്കി വരുന്നു.
- ✓ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാൻ : http://my.msme.gov.in/MyMsme/Reg/COM_Ipgr.aspx

**MSME- Intellectual Property Facilitation Centre (MSME-IPFC) @ MSME-DI, Thrissur**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ ബൗദ്ധിക സ്വത്ത് കൈകാര്യം ചെയ്യുന്നതിനായി സഹായിക്കുന്ന ഈ കേന്ദ്രം തൃശ്ശൂരിലെ MSME-DI യിൽ പ്രവർത്തിക്കുന്നു. പേറ്റന്റ്, ട്രേഡ്മാർക്, ഭൗമസൂചിക, ഡിസൈൻ എന്നിങ്ങനെയുള്ള ബൗദ്ധിക സ്വത്തുക്കൾ കൈകാര്യം ചെയ്യാനുള്ള വിവിധ സഹായങ്ങൾ ലഭ്യമാണ്. കൂടുതൽവിവരങ്ങൾക്ക് : Co-ordinator, MSME-IPFC, Email id: ipfcmsmetcr@gmail.com; invkr.tcr-msmedi@gov.in; dcdi-thrissur@dcmsme.gov.in,

## b) സെഡ് സർട്ടിഫിക്കേഷൻ സ്കീം (ZED Certification Scheme)

- ✓ നിർമ്മാണപ്രക്രിയകളിൽ സീറോ ഡിഫെക്റ്റ് സീറോ എഫെക്ട് (Zero Defect Zero Effect) പ്രാക്ടീസുകൾ ഉൾപ്പെടുത്തുക, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിൽ നിരന്തരമായ മെച്ചപ്പെടുത്തൽ ഉറപ്പാക്കി ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ
- ✓ ZED നടപ്പിലാക്കുന്നതിനായി സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കൊത്തം ചിലവിന്റെ യഥാക്രമം 80%, 60%, 50% സബ്സിഡിനൽകിവരുന്നു
- ✓ ZED നടപ്പിലാക്കാനായി www.zed.org.in എന്ന ലിങ്കിൽ രജിസ്റ്റർചെയ്യുക

കൂടുതൽവിവരങ്ങൾക്ക്:

http://dcmsme.gov.in/schemes/clcs-tus/Operational_Guidelines_ZED.pdf

## c) ലീൻമാനുഫാക്ച്ചറിങ്സ്കീം (Lean Manufacturing Scheme)

- ✓ സൂക്ഷ്മചെറുകിടഇടത്തരസംരംഭങ്ങളിൽലീൻസാങ്കേതികവിദ്യനടപ്പിലാക്കാൻസഹായിക്കുന്നപദ്ധതി
- ✓ ലീൻ സാങ്കേതിക വിദ്യ നടപ്പിലാക്കുന്നത് വഴി സംരംഭത്തിന്റെ ഉത്പാദന ക്ഷമത കൂടുന്നു.
- ✓ Quality Council of India, National Productivity Council മുഖേനഅംഗീകൃതലീൻകൺസൾട്ടൻസിയുടെസേവനംലഭ്യമാക്കാൻ മൊത്തംചിലവിന്റെ 80% ഗ്രാന്റായിനൽകുന്നു ( പരമാവധി 36ലക്ഷം)

| ലീൻസാങ്കേതിക വിദ്യന സംരംഭവിഭാഗം | സംരംഭങ്ങളുടെഎണ്ണം | നൽകിവരുന്ന സാമ്പത്തിക സഹായം | കാലാവധി |
|---|---|---|---|
| സൂക്ഷ്മചെറുകിടഇടത്തരസംരംഭങ്ങൾ | മിനിക്ലസ്റ്റർ(കുറഞ്ഞത്4 മുതൽ10സംരംഭങ്ങൾ വരെ) | 36 ലക്ഷം (GoI: Unit) (80:20) | 18 മാസം |

കൂടുതൽവിവരങ്ങൾക്ക്:http://www.dcmsme.gov.in/schemes/clcs-tus/LEAN-Operational-Guidlelines.pdf

**d) ഇൻകുബേറ്ററുകളിലൂടെ എംഎസ്എംഇകളുടെ വികസനം (Support for Entrepreneurial and Managerial Development of MSMEs through Incubators)**

- ✓ വ്യക്തികളുടെ നൂതന സാങ്കേതികവിദ്യആശയങ്ങൾവികസിപ്പിക്കാൻ 15 ലക്ഷം വരെ Grant-in-Aid ആയി അംഗീകൃത Incubation Centre വഴി നൽകുന്നു

കൂടുതൽവിവരങ്ങൾക്ക്: http://www.dcmsme.gov.in/schemes/Incubator-Guidelines-CLCS-TUS-2019-2020.pdf

**e) ഡിസൈൻക്ലിനിക്ക്സ്കീം (Design Clinic Scheme)**

- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നം അല്ലെങ്കിൽ പ്രവർത്തനരീതിയുടെ ഡിസൈൻ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നപദ്ധതി

| സംരംഭവിഭാഗം | സംരംഭങ്ങളുടെഎണ്ണം | നൽകി വരുന്ന സാമ്പത്തിക സഹായം |
|---|---|---|
| സൂക്ഷ്മസംരംഭങ്ങൾ | മൂന്നോ അതിൽ താഴെയോ | 15 ലക്ഷം (GoI: Unit)(80:20) |
| | മൂന്നിൽ അധികം | 25 ലക്ഷം (GoI: Unit)(75:25) |
| ചെറുകിട ഇടത്തര സംരംഭങ്ങൾ | മൂന്നോ അതിൽ താഴെയോ | 25 ലക്ഷം (GoI: Unit)(60:40) |
| | മൂന്നിൽ അധികം | 40 ലക്ഷം (GoI: Unit)(60:40) |

- ✓ National Institute of Design (NID); Indian Institute of Science (IISc) തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദരുടെ സഹായം ഈ പദ്ധതിയിലൂടെ MSME കൾക്കു ലഭ്യമാകുന്നു.
- ✓ കൂടുതൽവിവരങ്ങൾക്ക്: http://www.dcmsme.gov.in/schemes/Design-Guidelines-CLCS-TUS-2019-2020.pdf

**f). എം.എസ്.ഇ ക്ലസ്റ്റർ വികസന പ്രോഗ്രാം(MSE-CDP)**

പൊതുവായ വെല്ലുവിളികൾ നേരിടുന്ന സമാന സംരംഭങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിച്ചു പരിഹാരങ്ങൾ തേടുന്നതിന് സഹായിക്കുന്ന പദ്ധതിയാണിത്. എം എസ് എം ഇ മന്ത്രാലയത്തിന്റെ ഈ പദ്ധതിയിൽ പ്രധാനമായും താഴെ പറയുന്ന ഘടകങ്ങൾ വഴി സഹായങ്ങൾ ലഭ്യമാണ്.

- ➢ പൊതു സൗകര്യ കേന്ദ്രങ്ങൾ (CFC) ഒരുക്കാൻ പരമാവധി 70 % വരെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്
- ➢ വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ (ID Projects) പരമാവധി 60 % വരെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്

- അംഗീകൃത വ്യവസായ അസ്സോസിയേഷനുകൾക്കു പ്രദർശന കേന്ദ്രങ്ങൾ (Marketing Hub) നിർമ്മിക്കുവാൻ പരമാവധി 60 % വരെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്
- സംസ്ഥാന ഗവൺമെന്റ്കളുടെ ക്ലസ്റ്റർ വികസന പ്രോഗ്രാമുകൾക്ക് പരമാവധി 50 % വരെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്
- പദ്ധതിയിൽ അംഗീകാരം ലഭിച്ച ക്ലസ്റ്ററുകൾക്കു പഠനയാത്ര , ബിസിനസ് വികസന പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുവാൻ പരമാവധി 50 % വരെ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്

ഈ കേന്ദ്ര പദ്ധതി പ്രകാരം സംസ്ഥാനത്തു 11 CFC കൾ പൂർത്തീകരിച്ചു.4 CFC കൾ അംഗീകാരം ലഭിച്ചു. 8 വ്യവസായ പാർകുകളുടെ അടിസ്ഥാന സൗകര്യ വികസന നടപ്പിലാക്കിയിട്ടുണ്ട്. 3 വ്യവസായ പാർക്കുകൾക്കു അംഗീകാരം ലഭിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾക്ക് www.dcmsme.gov.in (MSME-CDP), www.cluster.dcmsme.gov.in, എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. സംസ്ഥാനത്തു ക്ലസ്റ്ററുകൾ ആരംഭിക്കുന്നതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കു തൃശ്ശൂരുള്ള എം.എസ്.എം.ഡി ഡെവലൊപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട്(MSME-DI) ക്ലസ്റ്റർ വികസന ഓഫീസറെ (Cluster Development Officer-CDO) സമീപിക്കാം.

### g) സ്കീം ഫോർ ഫണ്ട് ഫോർ റീജനെറേഷൻ ഓഫ് ട്രഡീഷണൽ ഇൻഡസ്ട്രീസ് (SFURTI)

പരമ്പരാഗത സംരംഭങ്ങളെയും ആർട്ടിസാൻ അധിഷ്ഠിത സംരംഭങ്ങളെയും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പുനരുധികരിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണിത് .പൊതു സേവന കേന്ദ്രങ്ങൾ, പ്രവർത്തന യന്ത്രങ്ങൾ, ഉപകരണങ്ങൾ, അസംസ്‌കൃത വസ്തുക്കളുടെ സംഭരണ കേന്ദ്രങ്ങൾ , വെയ്റ്ഹൗസുകൾ , പരിശീലന കേന്ദ്രങ്ങൾ, മൂല്യ വർധിത ഉത്പന്ന നിർമാണ സൗകര്യങ്ങൾ എന്നിവ 90% വരെ പരമാവധി കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റ് നൽകി ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. Khadi Village Industries (KVIC) ഉം Coir Board ഉം ആണ് സംസ്ഥാനത്തെ നോഡൽ ഏജൻസികൾ. കൂടതൽ വിവരങ്ങൾക്ക് www.kviconline.gov.in, sfurti.msme.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

## IV. വിപണികൾ നേടുന്നതിനുള്ള പദ്ധതികൾ (Marketing Support Schemes)

### a) കേന്ദ്ര പൊതു സംഭരണ നയം 2012 (Central Public Procurement Policy 2012 for MSEs)

- ചെറുകിട സംരംഭകരുടെ ഉത്പന്നങ്ങൾക്കു വിപണി കണ്ടെത്തുവാൻ സഹായിക്കുന്നതിനായുള്ള നയം
- എല്ലാ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും കേന്ദ്ര പൊതു മേഖല സ്ഥാപനങ്ങളും തങ്ങളുടെ മൊത്തം സംഭരണങ്ങളുടെ 25% നിർബന്ധമായും സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ നിന്നുള്ള സംരംഭകരിൽ നിന്നും ചെയ്യേണ്ടതാണ്

- സൂക്ഷ്മ ചെറുകിട സംരംഭക മേഖലയിൽ നിന്നുള്ള മൊത്തം വാർഷിക സംഭരണത്തിൽ, 3 ശതമാനം വനിതാ സംരംഭകരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്നു
- സൂക്ഷ്മ ചെറുകിട സംരംഭക മേഖലയിൽ നിന്നുള്ള മൊത്തം വാർഷിക സംഭരണത്തിൽ, 4 ശതമാനം SC/ST സംരംഭകരുടെ ഉടമസ്ഥതയിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ നിന്ന് സംഭരിക്കുന്നതിനായി മാറ്റി വച്ചിരിക്കുന്നു
- കൂടാതെ ഈ നയപ്രകാരം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെയും കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളുടെയും ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് ഉദ്യം രജിസ്ട്രേഷൻ ഉള്ളവർക്ക് ഇ.എം.ഡി(EMD)അടയ്ക്കേണ്ടിവരുന്നില്ല. അതോടൊപ്പം ടെൻഡർ സെറ്റ് സൗജന്യമായി ലഭിക്കുകയും ചെയ്യും.
- സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ നിന്നുള്ള സംഭരണങ്ങളെ കുറിച്ചുള്ള മേൽനോട്ടത്തിനായി MSME Sambhandh എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്

  കൂടുതൽ വിവരങ്ങൾക്ക് http://dcmsme.gov.in/pppm.htm ; https://sambandh.msme.gov.in/PPP_Index.aspx എന്നീ ലിങ്കുകൾ സന്ദർശിക്കുക

**MSME സമാധാൻപോർട്ടൽ-Samaadhaan Portal**

- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഡിലയേഡ് പേയ്മെന്റുകൾക്കായി പരാതിസമർപ്പിക്കാവുന്ന പോർട്ടൽ
- ✓ Delayed payment സംബന്ധമായി പരാതി പരിഹരിക്കാനായി MSE-ഫെസിലിറ്റേഷൻസെന്ററിന്റെസേവനംസമാധാനപോർട്ടലിലൂടെ ലഭ്യമാക്കുന്നു

  കൂടുതൽവിവരങ്ങൾക്ക്: https://samadhaan.msme.gov.in

**b) സംഭരണ, വിപണന പിന്തുണാ പദ്ധതി (Procurement and Marketing Support Scheme)**

- സൂക്ഷ്മ ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും പുതിയ വിപണികൾ കണ്ടെത്തുവാനും സഹായിക്കുന്നതിനു വേണ്ടി രൂപം നൽകിയിരിക്കുന്നു
- ഈ പദ്ധതി പ്രകാരം അംഗീകരിക്കപ്പെട്ട ദേശിയ വ്യവസായ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനായി സംരംഭകർക്ക് താഴെ പറയുന്ന വിധം കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നു.

| | |
|---|---|
| സ്റ്റാൾ വാടക | ജനറൽ കാറ്റഗറിയിൽ പെടുന്ന സംരംഭങ്ങൾക്കു സ്റ്റാൾ വാടകയുടെ 80 ശതമാനവും; SC/ST / സ്ത്രീകൾ /PH എന്നീ വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്കു സ്റ്റാൾ വാടകയുടെ 100 ശതമാനവും )പരിധി : മെട്രോ സിറ്റി - Rs. 1.50 ലക്ഷം; B സിറ്റി ക്ലാസ് – Rs. 1.00 ലക്ഷം; മറ്റുള്ള പ്രദേശങ്ങൾ - Rs. 80,000/- അല്ലെങ്കിൽ യഥാർത്ഥ ചിലവിൽ ഏതാണോ കുറവ് അത്.) |
| യാത്ര, പബ്ലിസിറ്റി, ചരക്ക് എന്നിവയുടെ ചെലവ് | എല്ലാ വിഭാഗത്തിലുമുള്ള സംരംഭകരുടെയും യാത്ര, പബ്ലിസിറ്റി, ചരക്ക് എന്നിവയുടെ ചെലവിന്റെ 100 ശതമാനം (പരമാവധി Rs. 25,000 / - രൂപയ്ക്ക് വിധേയമാണ് അല്ലെങ്കിൽ യഥാർത്ഥ ചിലവിൽ ഏതാണോ കുറവ് അത്) |

- കൂടാതെ നിർദ്ദിഷ്ട പാക്കേജിംഗ് ആവശ്യകതകൾക്കായി സംരംഭങ്ങൾക്കു വരുന്ന ചിലവിന്റെ ഒരു ഭാഗം താഴെ പറയുന്ന വിധം കേന്ദ്രസർക്കാർ വഹിക്കുന്നതാണ്: പൊതു വിഭാഗത്തിൽ പെടുന്ന സംരംഭകർ പാക്കേജിങ് പരിഷ്കരിക്കുന്നതിനായി എംപാനൽഡ് ഏജൻസി / കൺസൾട്ടൻസി ഓർഗനൈസേഷന് നൽകിയ മൊത്തം ചെലവിന്റെ 80 ശതമാനവും എസ്‌സി / എസ്ടി / സ്ത്രീകൾ / PH എന്നീ വിഭാഗത്തിൽ പെടുന്ന സാരംഭകരുടെ ചിലവിന്റെ 100 ശതമാനവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. (ഓർഡിനറി പാക്കേജിംഗ് കൺസൾട്ടൻസിക്ക് പരമാവധി ഒരു ലക്ഷം രൂപയും ഗ്രീൻ പാക്കേജിംഗ് കൺസൾട്ടൻസിക്ക് പരമാവധി 1.5 ലക്ഷം രൂപയും അല്ലെങ്കിൽ യഥാർത്ഥ ചിലവിൽ ഏതാണോ കുറവ് അത്)

കൂടുതൽ വിവരങ്ങൾക്കു http://dcmsme.gov.in/Guidelines_PMS.pdf സന്ദർശിക്കുക

### c) ഗവൺമെന്റ് ഇ മാർക്കറ്റ്പ്ലെയ്സ് (Government E Marketplace – GeM)

- സർക്കാർ ഓർഗനൈസേഷനുകൾ / വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങുന്ന വിവിധ ചരക്കുകൾക്കും സേവനങ്ങൾക്കുമായി ഒരു പ്രത്യേക ഇ മാർക്കറ്റ് ആണ് ഗവണ്മെന്റ് ഇ മാർക്കറ്റ്പ്ലെയ്സ് (GeM). സർക്കാർ വകുപ്പുകൾ / ഓർഗനൈസേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ പൊതുവായ ഉപയോഗ ചരക്കുകളും സേവനങ്ങളും ഓൺലൈൻ വഴി സംഭരിക്കുന്നതിന് ഇത് സഹായിക്കുന്നു.
- പൊതു സംഭരണത്തിൽ സുതാര്യത, കാര്യക്ഷമത, വേഗത എന്നിവ വർദ്ധിപ്പിക്കുകയാണ് GeM ലക്ഷ്യമിടുന്നത്.
- 2017 ലെ പൊതു ധനകാര്യ ചട്ടങ്ങളിൽ പുതിയ റൂൾ നമ്പർ 149 ചേർത്തുകൊണ്ട് സർക്കാർ ഉപയോക്താക്കൾ GeM വഴിയുള്ള സംഭരണം നടത്തണം എന്നുള്ളതു കേന്ദ്ര സർക്കാർ നിർബന്ധമാക്കി.

- നിരവധി സൂക്ഷമ ചെറുകിട ഇടത്തര സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ സർക്കാരിന് നേരിട്ട് വിൽക്കാൻ കഴിയുന്ന ഒരു പ്ലാറ്റ്ഫോം ആണ് GeM

  കൂടുതൽ വിവരങ്ങൾക്കും വില്പനക്കാരായി രജിസ്റ്റർ ചെയ്യുന്നതിനും https://gem.gov.in/ ; https://mkp.gem.gov.in/registration/signup#!/seller എന്നീ ലിങ്കുകൾ സന്ദർശിക്കുക

**d) ട്രേഡ് റെസിവെബിൽസ് ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം (Trade Receivables Electronic Discounting System TReDS)**

- MSME സംരംഭങ്ങൾ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വില്പന നടത്തുമ്പോൾ പണം കിട്ടുന്നതിനു കാലതാമസം (delayed payments) നേരിടുന്നത് ഒഴിവാക്കുന്നതിനായി RBI യുടെ നിർദ്ദേശപ്രകാരം രൂപം കൊടുത്തിരിക്കുന്ന ഡിജിറ്റൽ മെക്കാനിസം ആണ് ട്രേഡ്സ്. ചെറുകിട സംരംഭങ്ങൾക്കു കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ നിന്ന് കിട്ടാനുള്ള തുക ധനകാര്യ സ്ഥാപനങ്ങളിലൂടെ ഇൻവോയ്സ് ഡിസ്കൗണ്ടിങ് വഴി പെട്ടെന്ന് ലഭ്യമാക്കാൻ ട്രേഡ്സ് സഹായിക്കുന്നു.

  കൂടുതൽ വിവരങ്ങൾക്കും ട്രേഡ്സിൽ രജിസ്റ്റർ ചെയ്യുന്നതിനും https://m.rbi.org.in/Scripts/FAQView.aspx?Id=132 ; https://www.m1xchange.com/ www.rxil.in സന്ദർശിക്കുക.

## V. സംരംഭകരെ സഹായിക്കുന്നതിനായി MSME മന്ത്രാലയത്തിന് കീഴിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ

**a) MSME ഡെവെലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ (MSME-Development Institute, Thrissur)**

- ✓ എംഎസ്എംഇമന്ത്രാലയത്തിന്കീഴിലുള്ള ഡെവലപ് മെന്റ്കമ്മീഷണറുടെ (MSME) കേരളത്തിലുള്ള ഫീൽഡ് ഓഫീസാണ് MSME-ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ
- ✓ സൂക്ഷ്മ, ചെറുകിട , ഇടത്തരം സംരംഭങ്ങളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി സൂക്ഷ്മ ചെറുകിട ഇടത്തരം കേന്ദ്രമന്ത്രാലയം നടപ്പാക്കുന്ന നയങ്ങളും പരിപാടികളും രൂപീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സംസ്ഥാന ഗവൺമെന്റുമായി യോജിച്ചുപ്രവർത്തിക്കാനുമായിട്ടുള്ള സ്ഥാപനമാണ് MSME-ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്.
- ✓ വിവിധകൺസൾട്ടൻസി, സപ്പോർട്ട്സേവനങ്ങൾഎന്നിവയ്ക്ക്പുറമേ, സംരംഭകരുടെ ഉന്നമനത്തിനായി വിവിധ പരിശീലനപരിപാടികളും, മന്ത്രാലയത്തിന്റെ പദ്ധതികളെക്കുറിച്ചു അവബോധംസൃഷ്ടിക്കുവാൻ സെമിനാറുകളും , ബോധവത്കരണപരിപാടികളുംനടത്തിവരുന്നു

കൂടുതൽവിവരങ്ങൾക്ക്: Director, MSME-Development Institute, Kanjani Road, Ayyanthole P:O, Thrissur-680003; Tel: 0487-2360536, 2793636, 2360216, Email: dcdi-thrissur@dcmsme.gov.in; www.msmedithrissur.gov.in

**b) ടെക്നോളജിസെന്ററുകൾ (Technology Centre's)**

- ✓ സൂക്ഷ്മ ചെറുകിട ഇടത്തരം; സാങ്കേതിക വിദ്യ വികസന പരിശീലന പരിപാടി സംഘടിപ്പിക്കുക ; സംരംഭങ്ങൾക്ക് നൂതന നിർമ്മാണ സാങ്കേതിക വിദ്യകൾ ഒരുക്കുക ; സംരംഭകർക്ക് വേണ്ട വിദഗ്ധോപദേശങ്ങൾ നൽകുക എന്നിവയാണ് ടെക്നോളജി സെന്ററുകളുടെ പ്രധാന ലക്ഷ്യങ്ങൾ

- ✓ ഇവ സംരംഭങ്ങൾക്കുള്ള പൊതു സൗകര്യ കേന്ദ്രമായി (കോമൺഫെസിലിറ്റിസെന്റർ) പ്രവർത്തിച്ചുവരുന്നു

- ✓ ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിലായി 18 ഓളം ടെക്നോളജി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു

- ✓ കേരളത്തിൽ എറണാകുളം ജില്ലയിൽ അങ്കമാലിയിൽ പുതിയ ഒരു ടെക്നോളജി സെന്ററിന്റെ നിർമാണ പ്രവർത്തനം പുരോഗമിക്കുന്നു.

  കൂടുതൽവിവരങ്ങൾക്ക്: https://dcmsme.gov.in/tcsp.html

**c) MSME ടെസ്റ്റിംഗ്സെന്റർ - MSME-Testing Centre**

- ✓ സാമ്പത്തിക പരിമിതികൾ കാരണം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായമേഖലയിൽ ,ദേശീയ, അന്തർദേശിയ മാനദണ്ഡനങ്ങൾക്കനുസൃതമായി തങ്ങളുടെഉത്പന്നങ്ങളുടെ ഗുണനിലവാരം നിർണയിക്കാനായി സംരഭങ്ങൾക്കു സ്വന്തമായി സമ്പൂർണ ലബോറട്ടറികൾ സ്ഥാപിക്കുന്നത് ബുദ്ധമുട്ടാണെന്നു മനസിലാക്കി ,കേന്ദ്ര MSME മന്ത്രാലയം നാല് പ്രാദേശിക ലബോറട്ടറികളും 8 ടെസ്റ്റിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചു

- ✓ ഡൽഹി മുംബൈ കൊൽക്കത്ത ചെന്നൈ എന്നീ കേന്ദ്രങ്ങളിൽ ഈ നാലു ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു

  കൂടുതൽവിവരങ്ങൾക്ക്: https://tc.dcmsme.gov.in

**d) Khadi Village Industries Commission (KVIC)**

ഖാദി ഗ്രാമ ഉദ്യോഗങ്ങളെ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനുമായി KVIC യുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.കൂടുതൽ വിവരങ്ങൾക്ക് KVIC State Office ഉമായി താഴെ തന്നിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

Khadi & Village Industries Commission,PB No.198, Gramodaya, M.G. Road, Thiruvananthapuram 695001 PhNo: 0471 2331061,2331625 mail ID: sotvm.kvic@gov.in

**e) National Small Industries Corporation (NSIC)**

എം.എസ്.എം.ഇ മന്ത്രാലയത്തിന് കീഴിലുള്ള കോർപ്പറേഷൻ ആയ National Small Industries Corporation (NSIC) വഴി എം.എസ്.എം.ഇ സംരംഭങ്ങൾക്കായി ധന സഹായം ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.വിശദ വിവരങ്ങൾക്ക്nsic.co.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.NSIC യുടെ കൊച്ചി ഓഫീസുമായി താഴെ തന്നിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക.

NSIC LTD, S-67,GCDA COMMERCIAL COMPLEX, MARINE DRIVE,SHANMUGHAM ROAD, KOCHI-682031 Ph no: 0484-2381850/2368149 Email ID: bococh@nsic.co.in

**f) കയർ ബോർഡ് (Coir Board)**

കയർ വ്യവസായത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന് കീഴിലുള്ള കയർ ബോർഡ് മുൻഗണന നൽകുന്നു. കയർ മേഖലയിലുള്ള സംരംഭകരെ സഹായിക്കുന്നതിനുള്ള വിവിധ പദ്ധതികളെ കുറിച്ച് അറിയുവാൻ കൊച്ചിയിലുള്ള കയർ ബോർഡുമായി ബന്ധപെടുക http://coirboard.gov.in/ ;

Coir House", M.G. Road, Kochi 682 016; Tel : +91-484-2351807/2351788/2351954
e-mail :coirboard@nic.in, info@coirboard.org

**g) ചെറുകിട വ്യവസായ വികസന ബാങ്ക് ( Small Industrial Development Bank of India - SIDBI)**

MSME മേഖലയിലെ സംരംഭകർക്ക് ക്രെഡിറ്റ് ലഭ്യമാക്കാൻ സഹായിക്കുന്ന പ്രത്യേക ധനകാര്യസ്ഥാപനമാണ് SIDBI. സിഡ്ബി മുഖേന MSME മേഖലയ്ക്കായി നിരവധി ധനകാര്യ പദ്ധതികൾ നടപ്പിലാക്കുന്നു

കൂടുതൽവിവരങ്ങൾക്ക്: SIDBI Finance Tower, 2 nd Floor, Banerji Rd, Kaloor, Kochi, Kerala 682017; Tel : 0484 240 1791; Email: tbalaji@sidbi.in; kochi@sidbi.in

**h) MSME Training Institute, Thiruvalla, Ettumanur :-**

MSME മേഖലയ്ക്കായുള്ള ട്രെയിനിങ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ MSME മന്ത്രാലയത്തിന് കീഴിലുള്ള MSME-Technology Centre (PPDC ) Agra യുടെ കീഴിൽ

പ്രവർത്തിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്

1) Assistant Director , MSME Training Institute, Manjadi P.O., Thiruvalla - 689 105, Phone : 0469-2701336; Fax: 0469-2738465; Email: msmetithiruvalla@yahoo.in
2) Assistant Director , MSME Training Institute, Industrial Estate, Ettumanur-686631 Phone : 0481 2535533 , Fax : 0481 2535563, E-mail : msmeti-ettu@dcmsme.gov.in

## VI. കേന്ദ്ര ധനകാര്യ / മറ്റു മന്ത്രാലയങ്ങൾ നടപ്പാക്കുന്ന MSME വായ്പ സഹായ പദ്ധതികൾ

### a) ഈടില്ലാത്തസ്വമേധയായുള്ളവായ്പ -Emergency Credit Line Guarantee Scheme (ECLGS)

- ✓ സൂക്ഷ്മ, ചെറുകിടഇടത്തരവ്യവസായസംരംഭങ്ങൾ;ബിസിനസ്സ്ഥാപനങ്ങൾ, PMEGP, മുദ്രഎന്നീലോൺഎടുത്തിട്ടുള്ളവർ ഈസ്കീമിന്അർഹരാണ്
- ✓ സംരംഭങ്ങളെപുനപ്രവർത്തനത്തിനുസജ്ജമാക്കാനുള്ളതാണുവായ്പ
- ✓ 29 /02 /2020നുനിലവിലുള്ളആകെവായ്പകുടിശ്ശികയുടെ 20% വരെയുള്ളതുകയാണ്വായ്പയായിലഭിക്കുക
- ✓ ബാങ്ക്/ബാങ്കിങ് ഇതര ധനകാര്യ സ്ഥാപങ്ങളിൽ നിന്നുമാണ് വായ്പ ലഭിക്കുക
- ✓ 25കോടിവരെവായ്പകുടിശ്ശികഉള്ളവരും100 കോടിവരെവിറ്റുവരവ്ഉള്ളവരുംഇതിനർഹരാണ്
- ✓ വായ്പ്പാകാലാവധി 4 വർഷം
- ✓ മൂലധനതുക (Principal Amount) തിരിച്ചടവിനു ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം
- ✓ അധികരിക്കാത്തപലിശനിരക്കായിരിക്കും*(Interest to be capped)*
- ✓ അധികഈട്ആവശ്യമില്ല, 100% കേന്ദ്രഗവണ്മെന്റ്ഗ്യാരന്റീ
- ✓ കൂടുതൽവിവരങ്ങൾക്ക് : www.eclgs.com; www.champions.gov.in

### b) സ്റ്റാൻഡ്അപ്പ്ഇന്ത്യ - Standup India

- ✓ രാജ്യത്ത്സാമൂഹികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ സമൂഹങ്ങളെയും വനിതകളേയും സംരംഭ മേഖലയിലേക്ക് കൈപിടിച്ച് കൊണ്ടുവരിക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.
- ✓ 10 ലക്ഷംരൂപ മുതൽ ഒരു കോടി രൂപ വരെ ചെലവ് വരുന്ന പ്രോജക്ടുകൾക്കാണ് വായ്പലഭിക്കുക.
- ✓ നിർമാണസ്ഥാപനങ്ങളും സേവന സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും വായ്പക്ക് അർഹരാണ്
- ✓ പുതുസംരംഭങ്ങൾആരംഭിക്കുന്നതിന് മാത്രമാണ് വായ്പ.

- ✓ പ്ലാന്റ്മെഷിനറികൾഎന്നിവ സമ്പാദിക്കുന്നതിനും പ്രവർത്തനമൂലധനവും ഉൾപ്പെടുന്നതാണു വായ്പ തുക.
- ✓ വായ്പആവശ്യമുള്ളസംരംഭകർനേരിട്ട് ബാങ്ക് ശാഖയെ സമീപിക്കുകയോ ഉദ്യമിമിത്ര (Udyamimitra) സ്റ്റാൻഡ് അപ്പ് ഇന്ത്യ പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷിക്കുകയോ ലീഡ് ഡിസ്ട്രിക്ട് മാനേജർമാർ വഴിഅപേക്ഷ സമർപ്പിക്കുകയോ ചെയ്യാവുന്നതാണ് .

കൂടുതൽവിവരങ്ങൾക്ക് :www.standupmitra.com; www.udyamimitra.in

c) **പ്രധാന മന്ത്രി മുദ്ര യോജന (PMMY-MUDRA)-** പ്രധാന മന്ത്രിയുടെ മുദ്ര (മൈക്രോ യൂണിറ്റ്സ് ഡവലപ്പ്മെന്റ് ആൻഡ് റീഫൈനാൻസ് ഏജൻസി ലിമിറ്റഡ്) സ്കീം പ്രകാരം നോണ്-ഫാമിംഗ് മേഖലയിലുള്ള നിർമാണ സേവന വ്യാപാര സംരംഭങ്ങൾ തുടങ്ങുന്നതിനും, നിലവിൽ ഉള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും 10 ലക്ഷം രൂപ വരെ വായ്പ നൽകി വരുന്നു

ശിഷു, കിഷോർ, തരുൺ എന്നീ മൂന്ന് വായ്പ വിതരണ പദ്ധതികളാണ് ഈ
സ്ക്കിമിൽ നിലവിൽ ഉള്ളത് :

ശിഷു - 50,000 രൂപ വരെയുള്ള വായ്പകൾ
കിഷോർ - 50,000 മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ
തരുൺ - 5 ലക്ഷം രൂപ മുതൽ 10 ലക്ഷം വരെയുള്ള വായ്പകൾ

കൂടുതൽവിവരങ്ങൾക്ക് :www.mudra.org.in; www.udyamimitra.in

**d) ഉദ്യമിമിത്ര- *Udyamimitra***

- ✓ സൂക്ഷ്മചെറുകിടഇടത്തരംസംരംഭങ്ങൾതുടങ്ങുവാൻആഗ്രഹിക്കുന്നവർക്കവായ്പഅപേക്ഷകൾസമർപ്പിക്കാനുള്ളഓൺലൈൻപ്ലാറ്റ്ഫോം
- ✓ അംഗീകൃതക്രെഡിറ്റ്ഉപദേശകരുടെലിസ്റ്റ്പോർട്ടലിൽലഭ്യമാണ്
- ✓ സംരംഭങ്ങൾതുടങ്ങാൻസഹായിക്കുന്നസേവനദാതാക്കൾ, പരിശീലനദാതാക്കൾഎന്നിവരുടെസേവനവുംഈപോർട്ടലിലൂടെലഭ്യമാക്കുന്നു
- ✓ കൂടുതൽവിവരങ്ങൾക്ക്-https://udyamimitra.in

**e)'പിഎസ്ബിലോൺസ്ഇൻ 59 മിനിറ്റ്'- PSB Loan in 59 Minutes**

- ✓ സൂക്ഷ്മ,ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക്പെട്ടെന്നു വായ്പ അനുവദിക്കുന്ന ഒരുഓൺലൈൻ പ്ലാറ്റ്ഫോമാണ് 'പിഎസ്ബിലോൺസ്ഇൻ 59 മിനിറ്റ്'.

- ✓ സ്റ്റേറ്റ്ബാങ്ക്ഓഫ്ഇന്ത്യ (എസ്ബിഐ), പഞ്ചാബ്നാഷണൽബാങ്ക് (പിഎൻബി),ബാങ്ക്ഓഫ്ബറോഡ,കൊട്ടക്മഹീന്ദ്രബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുൾപ്പെടെ 25 ലധികം പൊതുമേഖലബാങ്കുകൾ, സ്വകാര്യബാങ്കുകൾഎന്നിവിടങ്ങളിൽഈപദ്ധതിവഴിവായ്പലഭ്യമാണ്.

- ✓ ഈപോർട്ടൽവഴി 59 മിനിറ്റിനുള്ളിൽ ഒരുലക്ഷംരൂപ മുതൽ ഒരുകോടി രൂപവരെയുള്ള വായ്പയ്ക്ക്തത്വത്തിൽ അംഗീകാരം നൽകുകയും , പോർട്ടലുമായി ബന്ധിച്ചിട്ടുള്ള ധനകാര്യസ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമാക്കാൻ അവസരം ഉണ്ടാക്കുകയുംചെയ്യുന്നു.
- ✓ കൂടുതൽവിവരങ്ങൾക്ക് : https://www.psbloansin59minutes.com/home

**f) സ്റ്റാർട്ടപ്പ് ഇന്ത്യ (Startup India)**

സ്റ്റാർട്ടപ്പ് ഇന്ത്യ കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രധാന സംരംഭമാണ്. സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്യാനും വിവിധ സഹായങ്ങൾ ലഭ്യമാക്കാനുള്ളതുമാണ് Start-up India. സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കുന്നതിനുള്ള ഇക്കോ സിസ്റ്റം നൽകികൊണ്ട് സ്റ്റാർട്ടപ്പുകളെ വളരാൻ പ്രാപ്തരാക്കി തൊഴിലവസരങ്ങളും സാമ്പത്തിക വളർച്ചയും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

കൂടതൽ വിവരങ്ങൾക്ക് https://www.startupindia.gov.in/ സന്ദർശിക്കുക

## VII. <u>ആത്മ നിർഭർ അഭിയാൻ പ്രകാരമുള്ള മറ്റു പദ്ധതികൾ</u>

### a) കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായിപ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള സംരഭങ്ങൾക്കായി വിവിധ പദ്ധതികൾ Ministry of Food Processing Industries(MOFPI), Govt. of India മുഖേനെ നടപ്പിലാക്കി കൊണ്ടിരികുന്നു. സംസ്ഥാന തലത്തിൽ K-BIP/KINFRA/DIC കൽ വഴിയാണ് ഇത് നടപ്പാക്കുന്നത്. വിശദ വിവരങ്ങൾക്ക് താഴെ തന്നിട്ടുള്ള വെബ്സൈറ്റുകൾ സന്ദർശിക്കുക:

Ministry of Food Processing Industries- https://mofpi.nic.in/

K BIP - http://www.keralaindustry.org/,

DIC- http://industry.kerala.gov.in/

ഭാരത സർക്കാർ കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയ്ക്കായിപ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്:

- ❖ കാർഷികമേഖലയുടെ അടിസ്ഥാന വികസനത്തിന് ഒരു ലക്ഷം കോടി രൂപയുടെ പദ്ധതി.
- ❖ ഔഷധ സസ്യ കൃഷി പ്രോത്സാഹപ്പിക്കാൻ 4,000 കോടി രൂപ.
- ❖ അസംഘടിത മേഖലയിലെ സൂക്ഷ്മ ഭക്ഷ്യ സംഭരംഭങ്ങൾക്കായി(Micro Food Enterprise) 10,000 കോടി രൂപയുടെ പദ്ധതി.

- ❖ മത്സ്യതൊഴിലാളികൾക്കായി 20,000 കോടി രൂപയുടെ പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന പദ്ധതി.
- ❖ മൃഗ സംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 15000 കോടി രൂപയുടെ പദ്ധതി.
- ❖ തേനീച്ച വളർത്തലിന് 500 കോടി രൂപയുടെ പദ്ധതി.
- ❖ കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനായി എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്(Essential Commodities Act) ഭേദഗതി
- ❖ വിപണന മാർക്കറ്റുകൾ തിരഞ്ഞെടുക്കാൻ കർഷകന് അവസരം നൽകി കൊണ്ടുള്ള കാർഷിക വിപണന പരിഷ്കാരങ്ങൾ
- ❖ ഓപ്പറേഷൻ ഗ്രീൻ പദ്ധതിയിലേക്ക് മുഴുവൻ പഴങ്ങളും പച്ചക്കറികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി വിപുലീകരണം

കാർഷിക, ഫിഷറീസ്, മൃഗ സംരക്ഷണ ,ക്ഷീരവികസന മേഖലകളിലുള്ള സംരഭങ്ങൾക്കായി പദ്ധതികൾ അതാതു മന്ത്രാലയങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന തലത്തിൽ കൃഷി , ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന ഓഫീസുകൾ,നബാർഡ് മുഖേനെയാണ് ഇത് നടപ്പാക്കുന്നത്. കൂടുതൽ വിവരങ്ങൾക്കായി മേല്പറഞ്ഞ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

**b) സർക്കാർ സംഭരണങ്ങളിൽ 200 കോടി രൂപ വരെയുള്ള ടെൻഡറുകളിൽ ആഗോള ടെൻഡറുകൾ ക്ഷണിക്കുന്നതിനു നിയന്ത്രണങ്ങൾ (Restrictions for Global Tender Enquiries in Tenders upto Rs. 200 Crores in Government Procurement)**

- ആഭ്യന്തര വ്യവസങ്ങളെ, പ്രത്യേകിച്ച് സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുതാനത്തിനു, കേന്ദ്രസർക്കാർ സംഭരണങ്ങളിൽ 200 കോടി രൂപയിൽ താഴെ വിലവരുന്ന ചരക്കുകളും സേവനങ്ങളും ആഭ്യന്തര സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) ഭേദഗതികൾ കേന്ദ്രസർക്കാർ നടപ്പിലാക്കിയിരുന്നു.

- ഇതുപ്രകാരം 200 കോടി രൂപ വരെയുള്ള ടെൻഡറുകൾക്കായി ആഗോള ടെൻഡറുകൾ ക്ഷണിക്കില്ല.

വിശദമായ GFR ഭേദഗതികൾക്കു https://doe.gov.in/sites/default/files/Amendment%20in%20General%20Financial%20Rules%202017%20-%20Global%20Tender%20Enquiry.pdf സന്ദർശിക്കുക

**********